**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1922** **31-08-2022 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ പുനരുദ്ധാരണം നടത്തുന്ന റോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന മണലൂർ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ പുനരുദ്ധാരണം നടത്തുന്നതിനാണ് ഭരണാനുമതി നല്കിയിട്ടുള്ളതെന്നും പ്രസ്തുത റോഡുകളുടെ നിർമാണ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഗണേശമംഗലത്തെ വാട്ടർ ലൈൻ ചെയ്തതുമൂലം തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് 59.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയ്ക്ക് ടാറിംഗ്, സൈഡ് ബേം കോൺക്രീറ്റിംഗ് ഒഴികെയുള്ള എല്ലാ വർക്കും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | മണലൂർ എം.എൽ.എ. ശിപാർശ ചെയ്ത എല്ലാ റോഡുകൾക്കും അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് അനുമതി നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ? | (ബി) | ഇല്ല; തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് 2022-23 വർഷത്തെ സർക്കാർ അംഗീകൃത ലിസ്റ്റ് നം. 1 പ്രകാരം മണലൂർ പഞ്ചായത്തിലെ മണച്ചാൽ ബണ്ട് റോഡ്, കർഷക റോഡ് ടാറിംഗ് & ഡ്രെയിനേജ് സൈഡ് പ്രൊട്ടക്ഷൻ, കിസാൻ റോഡ് എന്നീ റോഡുകളും സർക്കാർ അംഗീകൃത ലിസ്റ്റ് 2 പ്രകാരം ചിലങ്ക ബീച്ച് റോഡ്, പള്ളിനട - കയർ സംഘം റോഡ് എന്നീ റോഡുകളുടെയും എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പള്ളിനട - കയർസംഘം റോഡ് പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ